മഴവില്ല്

Monthly Newsletter of Kerala State Co-operative Bank
കേരള ബാങ്ക് ബുള്ളറ്റിൻ | Volume 04 | Issue 01 | January 2024

KERALA BANK
Kerala State Co-operative Bank

കരുതലായ് .... കാവലായ്
നവകേരളത്തിനൊപ്പം കേരള ബാങ്ക്

KERALA BANK
Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
പ്രിൻസ് ജോർജ്ജ്
(ജനറൽ മാനേജർ, AIM)
ജെ.എസ്. ബബ്‌ലു
(പ്രിൻസിപ്പൽ പിആർഒ)
സി.സഹദ് (പിആർഒ)
റീനമോൾ റ്റി (പിആർഒ)
അഭിജിത്ത് റ്റി (പിആർഒ)
ഹാറൂൺ റഷീദ് (പിആർഒ)
ജയ്കർ റ്റി.എസ് (പിആർഒ)

ഉള്ളടക്കം

44മത് നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കമായി. — 10
കേരള ബാങ്കിൽ നിക്ഷേപ പലിശ നിരക്ക് ഉയർത്തി — 13
കേരള ബാങ്ക് 5-ാം വർഷത്തിലേക്ക്... — 14
കുടിശ്ശിക നിവാരണം പരമപ്രധാനം മന്ത്രി വി. എൻ. വാസവൻ — 18
മിഷൻ 24 STAR of the month Leader of the month അവാർഡ് — 20
ജീവനക്കാരുടെ സഹായഹസ്തം ബിന്ദുവിന് കിടപ്പാടം തിരികെ കിട്ടി — 21
"കേരളീയം" — 22
കേരള ബാങ്കും സഹകരണ സംഘങ്ങളും — 25
ESSENTIALS FOR A GOOD BRANCH MANAGER — 28
CREDIT OUTREACH PROGRAMME: — 30
KNOW ABOUT INFORMATION SECURITY — 32
QUIZ TIME — 34
മികച്ച പ്രവർത്തനം നടത്തിയ ബ്രാഞ്ചുകൾ — 36

എഡിറ്റോറിയൽ

Mission Rainbow 2024
നേട്ടങ്ങളോടൊപ്പം പുതുവർഷം

പുതിയ ലക്ഷ്യങ്ങളും നേട്ടങ്ങളും കൈയ്യെത്തി പിടിക്കാനുള്ള ആർജ്ജവത്തോടെയാണ് കേരളബാങ്ക് പുതുവർഷ ആഘോഷങ്ങൾക്ക് തുടക്കമിട്ടത്.

100 ദിവസങ്ങളിലായി തുടരുന്ന Mission Rainbow 2024ന്റെ നേട്ടങ്ങൾ പുറത്തുവരാൻ ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രം. ഫെബ്രുവരി 8ന് അവസാനിക്കുന്ന കർമ്മപദ്ധതിയിലൂടെ ബാങ്കിന്റെ 7 പ്രധാന മേഖലകൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ബാങ്ക് ലക്ഷ്യമിട്ട 7 പ്രധാന മേഖലകളിൽ ഒന്നുപോലും അസാധ്യമാവരുത്. അതോടൊപ്പം തീവ്രപരിശ്രമത്തിലൂടെ നേടിയെടുത്ത കോർബാങ്കിംഗ് സംവിധാനത്തിന്റെ ഗുണഫലമായ KB ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും കേരളജനതയിലേക്ക് എത്തിക്കേണ്ടതുണ്ട്.

അശ്രാന്തപരിശ്രമവും, അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളും വഴി ലക്ഷ്യത്തിലേക്കെത്താൻ കഴിയുന്നതാകട്ടെ 2024.

ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

കരുതലായ്....
കാവലായ്......
നവകേരളത്തിനൊപ്പം

KERALA BANK
Kerala State Co-operative Bank



പുതുവത്സരാശംസകൾ

MISSION RAINBOW 2024
nothing is impossible

2024–ൽ No.1 ബാങ്കെന്ന ലക്ഷ്യത്തിലേക്ക് കേരള ബാങ്ക്

അതിവേഗ വായ്പാ വിതരണം

മികവുറ്റ SMA മാനേജ്മെന്റ്

മഹാ CASA ക്യാമ്പയിൻ

ഊർജ്ജിത ഗോൾഡ് ലോൺ ക്യാമ്പയിൻ

തീവ്ര കുടിശ്ശിക നിവാരണം

PACS/UCB കളുമായി ബഹുതല സംയോജനം

ഊർജ്ജസ്വലമായ ഡിജിറ്റൽ ബാങ്കിംഗ് ക്യാമ്പയിൻ

1 KERALA BANK
Kerala State Co-operative Bank
MISSION 1 RAINBOW 2024
nothing is impossible
NO. 1
100 ദിന കർമപദ്ധതി
MISSION 1 RAINBOW 2024
nothing is impossible
YEAR END
PLANNING MEET
ഉദ്ഘാടനം
ശ്രീ. വി.എൻ. വാസവൻ
ബഹു. സഹകരണ – തുറമുഖ വകുപ്പ് മന്ത്രി
2024 ജനുവരി 15
തിങ്കൾ, രാവിലെ 10.00
Adlux Convention Centre, കറുകുറ്റി

44മത് നിക്ഷേപ സമാഹരണ യജ്ഞത്തിന് തുടക്കമായി.

സഹകരണ മേഖലയിലെ 44-മത് നിക്ഷേപ സമാഹരണയജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവ്വഹിച്ചു. നിക്ഷേപകർക്ക് ബാങ്കിംഗ് സേവനത്തിന് പുറമെ നിക്ഷേപത്തിന് സംരക്ഷണം ഉറപ്പാക്കുന്ന ഇന്ത്യയിലെ ഏക ബാങ്കിംഗ് സംവിധാനമാണ് സഹകരണ പ്രസ്ഥാനം. ഒരു പ്രതിസന്ധിയിലും സഹകരണ പ്രസ്ഥാനം നിക്ഷേപകരെ കൈയ്യൊഴിയില്ലായെന്നും പുതിയ സഹകരണ നിയമത്തിൽ നിക്ഷേപത്തിന് കൂടുതൽ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സമിതി രൂപീകരിച്ചതായും ഉദ്ഘാടനത്തോടനുബന്ധിച്ച് മന്ത്രി അറിയിച്ചു. സഹകരണ മേഖലാ ബാങ്കുകളെ യുവതലമുറയുടെ ബാങ്കാക്കി മാറ്റാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. ഇതിന്റെ ഭാഗമായി കേരളാബാങ്കിൽ എല്ലാ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തി കഴിഞ്ഞു. ഇതിലൂടെ ന്യൂജെൻ ബാങ്കുകൾ ഇന്നു നൽകുന്ന എല്ലാ ആധുനിക സേവനങ്ങളും സഹകരണ ബാങ്കുകൾ വഴിയും നൽകാൻ കഴിയും.

തിരുവനന്തപുരം ജില്ലയിലെ വിവിധ സഹകരണ സംഘങ്ങളിലേക്കുള്ള നിക്ഷേപം നൽകിയവരുടെ സർട്ടിഫിക്കറ്റ് ചടങ്ങിൽ മന്ത്രി വിതരണം ചെയ്തു.

പി.എ.സി.എസ് അസോസിയേഷൻ പ്രസിഡന്റ് വി. ജോയി എം. എൽ. എ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കൊലിയക്കോട് കൃഷ്ണൻ നായർ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി ഐ.എ.എസ്., സഹകരണ സംഘം രജിസ്ട്രാർ ടി.വി.സുബാഷ് ഐ.എ.എസ്., ഓഡിറ്റ് ഡയറക്ടർ ഷെറിൻ എം.എസ്., കേരള ലാന്റ് റിഫോംസ് ആന്റ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ സി.എൻ. വിജയകൃഷ്ണൻ, കൗൺസിലർ രാഖി രവികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

തുറമുഖ വകുപ്പ്
വി എൻ വാസവന്

സഹകരണ വകുപ്പ്മന്ത്രി ശ്രീ വി എൻ വാസവന് തുറമുഖ വകുപ്പിന്റെ ഭരണ ചുമതല. അദ്ദേഹം കൈകാര്യം ചെയ്തു വന്ന രജിസ്ട്രേഷൻ വകുപ്പ് പുതുതായി സത്യപ്രതിജ്ഞ ചെയ്ത മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിക്ക് ലഭിച്ചു.

ശ്രീ കെ ബി ഗണേഷ് കുമാർ
ഗതാഗത വകുപ്പ് മന്ത്രി

ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി

കേരള ബാങ്ക് ഭരണസമിതിയിലെ പുതിയ അംഗമായ ശ്രീ. പി. അബ്ദുൽ ഹമീദ് എംഎൽഎ- യെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് മീറ്റിങ്ങിൽ സ്വാഗതം ചെയ്യുന്നു.

കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റിലെ പുതിയ അംഗമായ ശ്രീ പ്രസാദ് വി കെ-യെ മാനേജ്മെന്റ് മീറ്റിങ്ങിൽ സ്വാഗതം ചെയ്യുന്നു

കേരള ബാങ്കിൽ നിക്ഷേപ പലിശ നിരക്ക് ഉയർത്തി

കേരള ബാങ്ക് ഉൾപ്പെടെ സഹകരണബാങ്കിംഗ് മേഖലയിൽ നിക്ഷേപത്തിന്റെ പലിശ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനം.

ഒരു വർഷം വരെയുള്ള നിക്ഷേപങ്ങൾക്ക് 0.50 ശതമാനവും ഒരു വർഷത്തിന് മുകളിലുള്ള നിക്ഷേപങ്ങൾക്ക് 0.75 ശതമാനവുമാണ് വർദ്ധന.

പൊതുമേഖലാ ബാങ്കുകൾ നൽകുന്നതിനേക്കാൾ കൂടുതൽ പലിശ ലഭിക്കുന്ന വിധത്തിലാണ് പലിശ നിരക്ക് ക്രമീകരിച്ചിരിക്കുന്നത്.

സഹകരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് പലിശ നിരക്ക് വർദ്ധന സംബന്ധിച്ച തീരുമാനമെടുത്തത്.കഴിഞ്ഞ ഫെബ്രുവരിയിലാണ് ഇതിനുമുമ്പ് പലിശ നിരക്കിൽ വർദ്ധനവ് വരുത്തിയത്.

കേരള ബാങ്കിലെ പുതിയപലിശ നിരക്ക്

(പഴയ നിരക്ക് ബ്രാക്കറ്റിൽ)

91 ദിവസം മുതൽ 179 ദിവസം വരെ...........6.75 ശതമാനം (6.25 ശതമാനം)
180 ദിവസം മുതൽ 364 ദിവസം വരെ.......7.25 ശതമാനം (6.75 ശതമാനം)
ഒരുവർഷം മുതൽ രണ്ടുവർഷം വരെ...........8 ശതമാനം (7.25 ശതമാനം)
രണ്ടുവർഷത്തിൽ കൂടുതൽ.............................7.75 ശതമാനം (7 ശതമാനം)

സഹകരണ സംഘങ്ങളിലെ നിക്ഷേപ പലിശ നിരക്ക് ഉയർത്തി

പ്രാഥമിക സഹകരണ സംഘങ്ങളിലെ പുതിയ പലിശ നിരക്ക്

(പഴയ നിരക്ക് ബ്രാക്കറ്റിൽ)

91 ദിവസം മുതൽ 179 ദിവസം വരെ...........7.50 ശതമാനം (7 ശതമാനം)
180 ദിവസം മുതൽ 364 ദിവസം വരെ.......7.75 ശതമാനം (7.25 ശതമാനം)
ഒരുവർഷം മുതൽ രണ്ടുവർഷം വരെ...........9 ശതമാനം (8.25 ശതമാനം)
രണ്ടുവർഷത്തിൽ കൂടുതൽ.............................8.75 ശതമാനം (8 ശതമാനം)

കേരള ബാങ്ക് 5-ാം വർഷത്തിലേക്ക്...

രാജ്യത്തെ സഹകരണ മേഖലയിലെ ഏറ്റവും വലിയ ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്കിന്റെ നാലാംവാർഷികത്തോടനുബന്ധിച്ച് ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ എല്ലാ ജീവനക്കാരെയും ഓൺലൈനായി അഭിസംബോധന ചെയ്തു. തിരുവനന്തപുരത്ത് ബാങ്ക് ഹെഡ് ഓഫീസിൽ നടന്ന ചടങ്ങിൽ സിഇഒ, ശ്രീ. പി എസ് രാജൻ വാർഷിക ദിനസന്ദേശം നൽകി. ബാങ്കിന്റെ റീജണൽ ഓഫീസുകളിലും ജില്ലാതല ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകളിലും, ശാഖകളിലും വാർഷികത്തോടനുബന്ധിച്ച് കസ്റ്റമർ മീറ്റും അതോടനുബന്ധിച്ച് മികച്ച ഇടപാടുകാരെ ആദരിക്കുന്ന ചടങ്ങും സംഘടിപ്പിച്ചു. തിരുവനന്തപുരം ഹെഡ് ഓഫീസ് ശാഖ സന്ദർശിച്ച തിരുവനന്തപുരം കോർപ്പറേഷൻ മേയറും ശാഖയിലെ കസ്റ്റമറുമായ ശ്രീമതി ആര്യ രാജേന്ദ്രനെ ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി. എസ്. രാജൻ പൊന്നാടയണിച്ച് ആദരിച്ചു. ബാങ്ക് ചീഫ് ജനറൽ മാനേജർ ശ്രീ. റോയി എബ്രഹാം, കേരള സർക്കാർ നിയോഗിച്ച എക്സ്പേർട്ട് കമ്മറ്റി അംഗം ശ്രീ. ആർ ഭാസ്കരൻ, ജനറൽ മാനേജർമാരായ ശ്രീ. പ്രിൻസ് ജോർജ്ജ്, ശ്രീ. ആർ ശിവകുമാർ, ശ്രീമതി അനിത എബ്രഹാം, ശ്രീമതി പ്രീത കെ.മേനോൻ, ഹെഡ് ഓഫീസ് ശാഖാ കസ്റ്റമറും കോർപ്പറേഷൻ കൗൺസിലറുമായ ശ്രീ. അംശു വാമദേവൻ എന്നിവർ സന്നിഹിതരായിരുന്നു.

വാർഷിക ദിനത്തിൽ ദുരിതബാധിതയുടെ കടബാധ്യത തീർത്ത് മേപ്പയ്യൂർ ശാഖ

കേരള ബാങ്കിന്റെ നാലാം വാർഷിക ദിനത്തിൽ ദുരിത ബാധിതയുടെ കടബാധ്യത തീർത്ത് കേരള ബാങ്ക് കോഴിക്കോട് മേപ്പയ്യൂർ ശാഖ മാതൃക യായി. അപ്രതീക്ഷിതമായി മകളെത്തേടിയെത്തിയ അർബുദരോഗം കാരണം വർഷങ്ങളായി ദുരിതമനുഭവിക്കുന്ന വീട്ടമ്മയുടെ വായ്പാ ബാധ്യതയാണ് കടാശ്വാസ പദ്ധതി പ്രകാരം ബാങ്ക് അനുവദിച്ച ഇളവ് കഴിച്ചുള്ള തുക ജീവനക്കാർ ചേർന്ന് സ്വരൂപിച്ച് ബാധ്യത തീർത്തത്. അർബുദം തളർത്തിയ കുടുംബത്തെ വായ്പാ ഭാരത്തിൽ നിന്നും മോചിതയാക്കുക എന്ന ഉദ്ദേശ്യവുമായാണ് കേരള ബാങ്ക് മേപ്പയ്യൂർ ശാഖയിലെ ജീവനക്കാർ സത്പ്രവർത്തിക്ക് മുന്നിട്ടിറങ്ങിയത്. വാർഷികാഘോഷത്തിന്റെ ഭാഗമായി നടന്ന ഇടപാടുകാരുടെ സംഗമ വേദിയിൽ വെച്ച് വായ്പാ ബാധ്യതതീർത്തതിന്റെ രേഖകൾ വീട്ടമ്മയ്ക്ക് കൈമാറി. ഇടപാടുകാരുടെ സംഗമം മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ്ശ്രീ. സുനിൽ വടക്കയിൽ ഉദ്ഘാടനം ചെയ്തു. ശാഖാ സീനിയർ മാനേജർ ശ്രീമതി രാഗിഷ വി പി അധ്യക്ഷതവഹിച്ചു. ശ്രീമതി ബിന്ദ്യ സി, ശ്രീമതി ഷിനി ദാമോദരൻ, ശ്രീമതി പ്രബിത, ശ്രീ. കെ കെ കുഞ്ഞിരാമൻ, ശ്രീ പ്രവീൺ കുമാർ, ശ്രീമതി സ്വപ്ന, ശ്രീ. പി എം സുഭാഷ് പങ്കെടുത്തു. ശ്രീമതി ബീന എം.കെ സ്വാഗതവും ശ്രീ. ഷാബി സി.കെ നന്ദിയും പറഞ്ഞു.

ഡോക്ടറാക്കിയ അമ്മയെ ആദരിക്കാൻ മകൻ എത്തി

വേദിയായത് കേരളബാങ്കിന്റെ 4-ാം വർഷത്തോടനുബന്ധിച്ചുള്ള അനുമോദന ചടങ്ങ്

ഡോക്ടറാക്കിയ അമ്മയുടെ മുന്നിൽ ഡോ. സന്തു ഉദ്ഘാടകനായെത്തിയപ്പോൾ അത് ഒരു നാടിന് മുഴുവൻ അഭിമാനനിമിഷമായി മാറി. കേരള ബാങ്ക് എറണാകുളം കോട്ടപ്പടി ശാഖ മികച്ച ഇടപാടുകാരെ ആദരിക്കുന്നതിന് സംഘടിപ്പിച്ച അനുമോദന ചടങ്ങിലാണ് നാട്ടുകാരനായ ഡോക്ടർ സന്തു ഉദ്ഘാടകനായെത്തിയത്. പഠിപ്പിച്ച് ഡോക്ടറാക്കിയ സ്വന്തം മാതാവ് സിന്ധുവിനെയാണ് ആദരിക്കേണ്ടതെന്നറിഞ്ഞപ്പോൾ കെട്ടിപ്പിടിച്ച് മാറോടണച്ച ശേഷം മകൻ അമ്മയെ പൊന്നാടയണിയിച്ചു. കേരള ബാങ്കിന്റെ നാലാം വാർഷികത്തോടനുബന്ധിച്ചാണ് എല്ലാ ശാഖകളിലും അനുമോദന ചടങ്ങുകൾ നടന്നത്. കേരള ബാങ്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പയായിരുന്നു സന്തുവിന് എം.ബി.ബി.എസ് പഠനത്തിന് തുണയായത്. ഇപ്പോൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ മെഡിക്കൽ ഓഫീസറായി തെരഞ്ഞെടുക്കപ്പെട്ട സന്തു കോട്ടപ്പടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറാണ്. സിന്ധുവിനെ കൂടാതെ ശാഖ തലത്തിലെ മറ്റ് അഞ്ച് മികച്ച ഇടപാടുകാരെയും ചടങ്ങിൽ ആദരിച്ചു. 2016 ലാണ് മകന്റെ പഠനാവശ്യത്തിനായി പിതാവ് സാബുവും മാതാവ് സിന്ധുവും വായ്പ എടുത്തത്. പ്രളയവും കോവിഡും എല്ലാമുണ്ടായെങ്കിലും കൃത്യമായി വായ്പ അടച്ച് തീർത്തു. കോട്ടപ്പടിയിൽ തന്നെ ലേഡി ബെൽ എന്ന കച്ചവടസ്ഥാപനം നടത്തുകയാണ് സിന്ധു. ബാങ്കിന്റെ മികച്ച ഇടപാടുകാരിൽ ഒരാളാണ് സിന്ധു. ഇപ്പോൾ ഡോ. സന്തുവും ഭാര്യ ഡോ. അതുലയും മൊബൈൽ ബാങ്കിംഗ് ഉൾപ്പെടെ ആധുനിക സേവനങ്ങൾ നൽകി വരുന്ന കേരള ബാങ്കിന്റെയും സഹകരണമേഖലയുടേയും സംതൃപ്തരായ ഇടപാടുകാരാണ്.

കുടിശ്ശിക നിവാരണം പരമപ്രധാനം മന്ത്രി വി. എൻ. വാസവൻ

കേരളത്തിന്റെ സ്വന്തം ബാങ്കായി രൂപീകരിച്ച കേരളബാങ്ക് സമൂഹത്തിന് വലിയ മുതൽക്കൂട്ടാണെന്ന് ബാങ്കിന്റെ പ്രവർത്തനത്തിലൂടെ തെളിയിച്ചു കഴിഞ്ഞതായി സഹകരണ മന്ത്രി ശ്രീ. വി.എൻ. വാസവൻ. രൂപീകൃതമായതിന് ശേഷമുള്ള 4 വർഷവും ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് തുടർന്നുള്ള വർഷങ്ങളിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കിട്ടാകടമാണ്. ഏറ്റവും മികച്ച രീതിയിൽ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലാണ് ബാങ്ക് തുടർന്ന് ശ്രദ്ധ നൽകേണ്ടതെന്ന് മന്ത്രി അറിയിച്ചു. കണ്ണൂർ റീജിയണൽ ഓഫീസിൽ ബാങ്ക് നടപ്പാക്കുന്ന നൂറ് ദിന കർമ്മ പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കുടിശ്ശിക നിവാരണം ഏറ്റവും പ്രാധാന്യം നൽകി ബാങ്ക് ഏറ്റെടുക്കണം. ഇതിന് മുഴുവൻ ജീവനക്കാരും മുന്നോട്ട് വരണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. 14 ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും ലയിച്ചതോടെ 823 ശാഖകളുള്ള വലിയ ശൃംഖലയാണ് കേരളബാങ്കിനുള്ളത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി ലോ കോസ്റ്റ് നിക്ഷേപം വർദ്ധിപ്പിക്കാനും നിലവിലുള്ള നിക്ഷേപം ശരിയായി വിനിയോഗിക്കാനും കഴിയണം. ചടങ്ങിൽ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷനായി. മിഷൻ റെയിൻബോ -2024 ലോഗോ പ്രകാശനവും മന്ത്രി നിർവഹിച്ചു.

കേരള ബാങ്കിന്റെ 4-ാം വാർഷികം, Mission Rainbow 24- ഇവയുടെ ഭാഗമായി നവംബർ 20 മുതൽ 29 വരെ KB PRIME ചലഞ്ച് നടപ്പാക്കി. പരമാവധി പുതിയ CASA അക്കൗണ്ട് ഓപ്പണിംഗ്, KB PRIME ഡൗൺലോഡിങ്ങ്, UPI ലിങ്കിംഗ്, KB PRIME പ്ലസ് ആക്ടിവേഷൻ എന്നിവയാണ് KB PRIME ചലഞ്ചിലൂടെ ലക്ഷ്യമാക്കിയത്. മൊബൈൽ ബാങ്കിങ് ഡൗൺലോഡ് 27,699 എണ്ണവും CASA അക്കൗണ്ട് 15,398 എണ്ണവും ഈ കാലയളവിൽ നേടാനായി. KB PRIME UPI സേവനങ്ങൾ പരമാവധി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി KB PRIME ചലഞ്ച് 8-2-24 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

STAR OF THE MONTH DECEMBER 2023

Congratulations!

MISSION RAINBOW 2024
nothing is impossible

Best Branch Manager

Anil Kumar Y
Branch : Kottarakkara

Best Area Manager

Prakasan V
Area: Manjeshwar

Best Deputy General Manager

Deepa Jose
CPC : Palakkad

Best Regional Manager

Suresh Kumar G
Regional Office : Palakkad

Smart leader of the Month – December 2023

Best Branch Manager

Xavier S
Branch : Kollam Main

Best Area Manager

Sajith Kumar K K
Area: Perambra

Best Deputy General Manager

Reena K M
CPC : Kozhikkode

Best Regional Manager

Shibu M P
Regional Office : Kozhikkode

ജീവനക്കാരുടെ സഹായഹസ്തം ബിന്ദുവിന് കിടപ്പാടം തിരികെ കിട്ടി

അനുജത്തിയുടെ വിവാഹാവശ്യത്തിനായി തന്റെ ചെറിയ വീടും വസ്തുവും ജാമ്യം നൽകി വായ്പയെടുത്ത മുട്ടത്തറ ബിന്ദു ഭവനിലെ വിധവയായ ബിന്ദുവിന്റെ കടബാധ്യത തീർക്കാനായി ഒരു ലക്ഷത്തി പതിനായിരം രൂപ നൽകി മാതൃകയായിരിക്കുകയാണ് പുത്തൽ ചന്ത ശാഖയിലെ ജീവനക്കാർ. ഇതിൽ 90000 രൂപയും നൽകിയത് കേരള ബാങ്ക് പുത്തൻ ചന്ത മെയിൻ ശാഖ മാനേജരാണ്. ഡിസംബർ 31 ന് സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീമതി ലൂസി സി.പി. യാണ് തന്റെ റിട്ടയർമെന്റ് ആനുകൂല്യത്തിൽ നിന്ന് 90000 രൂപ ബിന്ദുവിന് നൽകിയത്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അനുജത്തിയുടെ ഭർത്താവ് രോഗം ബാധിച്ച് മരണപ്പെട്ടു. കോവിഡ് ബാധിച്ച് സഹോദരനും കൂടി മരിച്ചതോടെ ബിന്ദുവിന് വായ്പ തിരിച്ചടക്കാനായില്ല. കുടുംബത്തിന്റെ വിഷമസ്ഥിതി പരിഗണിച്ച് 4.30 ലക്ഷം രൂപ ബാക്കിനിൽപ്പുള്ള വായ്പക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 1.75 ലക്ഷം രൂപയോളം ബാങ്ക് ഭരണസമിതി തീരുമാനപ്രകാരം ഇളവ് അനുവദിച്ചു.

ബിന്ദുവിന്റെ പരിശ്രമം കൊണ്ട് സ്വരൂപിച്ച 1.45 ലക്ഷം രൂപ OTS പ്രകാരം ബാധ്യത തീർക്കാർ അനുവദിച്ച തുകയേക്കാൾ 1.10 ലക്ഷം രൂപ കുറവായിരുന്നു. അപ്പോഴാണ് പുത്തൻ ചന്ത ശാഖ മാനേജരായ ശ്രീമതി ലൂസി സിപി വിരമിക്കൽ ആനുകൂല്യത്തിൽ നിന്ന് നൽകിയ തുകയും, ശാഖയിലെ മറ്റു ജീവനക്കാർ നൽകിയ 20000 രൂപയും ചേർത്ത് ബിന്ദുവിന്റെ പ്രമാണം വീണ്ടെടുത്തത്. ശ്രീമതി ലൂസിയുടെ വിരമിക്കൽ ചടങ്ങിൽ വച്ച് ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ പ്രമാണം ബിന്ദുവിന് കൈമാറി. ചടങ്ങിൽ ബാങ്ക് ഡയറക്ടർ അഡ്വ. എസ് ഷാജഹാൻ, തിരുവനന്തപുരം റീജിനൽ ജനറൽ മാനേജർ ഡോ. എൻ. അനിൽകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീമതി അമ്പിളി വി., ശ്രീമതി വി. മായ, ശ്രീ. പ്രദീപ് കുമാർ പി.കെ, ശ്രീമതി ഷിംലി എം. എന്നിവരും സന്നിഹിതരായിരുന്നു.

കേരള ബാങ്കിലെ ജീവനക്കാർ മുൻകൈയെടുത്ത് വിവിധ ജില്ലകളിലായി 50 ലേറെ നിരാലംബരായ വ്യക്തികളുടെ വായ്പാ കുടിശ്ശിക തീർത്ത് പ്രമാണം തിരികെ നൽകിയിട്ടുണ്ട്.

സെമിനാർ

"കേരളത്തിലെ സഹകരണ മേഖല"

സഹകരണ മേഖലയിൽ കേരളം ഇന്ന് ചെയ്യുന്നതാണ് നാളെ ഇന്ത്യ ചിന്തിക്കുന്നതെന്ന് ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കായ നബാർഡിന്റെ ചെയർമാൻ ശ്രീ. കെ. വി. ഷാജി.

കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'കേരളത്തിലെ സഹകരണ മേഖല' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ വളരെ ശക്തമാണ്. നയ രൂപീകരണ ഘട്ടത്തിൽ കേരളത്തിലെ സഹകരണ മേഖലയെ കേന്ദ്രം മാതൃകയാക്കാറുണ്ട്. നമ്മുടെ നേട്ടങ്ങൾ ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകുക കൂടിയാണ് ലക്ഷ്യം. പ്രൊഫഷണലിസത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും കേരളബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഏഷ്യയിലെ ഏറ്റവും വലിയ സാമ്പത്തിക സഹകരണ സ്ഥാപനമായി കേരള ബാങ്കിനെ രൂപപ്പെടുത്താനായെന്ന് സെമിനാറിൽ പങ്കെടുത്ത സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ പറഞ്ഞു.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെയും ക്ഷീര സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെ സെമിനാറിൽ പങ്കെടുത്ത ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷനിലെ കോഓപ്പറേറ്റീവ് യൂണിറ്റ് മേധാവി ഡോ. സീമെൽ എസിം പ്രശംസിച്ചു. സ്പെയിനിലെ ബാസ്ക് പ്രവിശ്യ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ മോൺട്രാഗൺ കോപ്പറേഷന്റെ പ്രതിനിധി ശ്രീ മൈക്കിൾ ലിസാമിസ് മേഖലയിലെ തന്റെ അനുഭവങ്ങൾ പങ്കുവച്ചു.

സമൂഹവുമായി ഏറ്റവുമധികം ബന്ധപ്പെട്ടു കിടക്കുന്നതും ഏറ്റവും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ സഹകരണ മേഖലയുടെ പ്രസക്തി ദിനം പ്രതി വർദ്ധിച്ചു വരുകയാണെന്ന് വിഷയം അവതരിപ്പിച്ച സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS ചൂണ്ടിക്കാട്ടി.

കേരളത്തിന്റെ സാംസ്കാരിക സാമ്പത്തിക ചരിത്രവുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന സഹകരണ പ്രസ്ഥാനം സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉത്ഥാനത്തിന് നൽകുന്ന സംഭാവനകളെക്കുറിച്ചും വകുപ്പ് സെകട്ടറി വിഷയാവതരണത്തിൽ സൂചിപ്പിച്ചു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാനായി സർക്കാരിന്റെ ഇടപെടൽ ഉണ്ടാവണമെന്ന് സെമിനാറിൽ സംസാരിച്ച കേരള ബാങ്ക് പ്രസിഡൻറ് ശ്രീ. ഗോപി കോട്ടമുറിക്കൽ ആവശ്യപ്പെട്ടു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആനന്ദിലെ പ്രൊഫസർ ശംഭ്ഭ പ്രസാദ് ഇൻറർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് പ്രതിനിധി ശ്രീ. ഗണേഷ് ഗോപാൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് ചെയർമാൻ ശ്രീ. രമേഷ് പാലേരി, കേരള വനിതാ സഹകരണ ഫെഡറേഷൻ ചെയർപേഴ്സൺ, അഡ്വ. കെ. ആർ. വിജയ, ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ശ്രീ. വി. കെ. രാമചന്ദ്രൻ, സഹകരണ വകുപ്പ് രജിസ്റ്റ്രാർ, ശ്രീ. ടി.വി. സുഭാഷ് എന്നിവരും സെമിനാറിൽ സംസാരിച്ചു.

കേരള ബാങ്ക് ബുള്ളറ്റിൻ 2024

കേരള ബാങ്കിന്റെ സ്റ്റാളുകൾ ശ്രദ്ധാകേന്ദ്രമായി

കേരള സർക്കാർ സംഘടിപ്പിച്ച ഏഴ് ദിവസത്തെ കേരളീയം പരിപാടിയിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിലും കനകക്കുന്നിലും കേരളബാങ്ക് സ്റ്റാളുകൾ സജ്ജീകരിച്ചിരുന്നു. രണ്ട് സ്റ്റാളുകളും വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. ബഹു: സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ ബഹു: വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, വട്ടിയൂർക്കാവ് എംഎൽഎ ശ്രീ. വി. കെ. പ്രശാന്ത് ചവറ എംഎൽഎ ശ്രീ. സുജിത്ത് വിജയംപിള്ള സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐഎഎസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ പ്രമുഖ സഹകാരികൾ പൗരപ്രമുഖർ തുടങ്ങിയവർ കേരള ബാങ്കിന്റെ സ്റ്റാളുകൾ സന്ദർശിച്ചു. ബാങ്കിന്റെ നിക്ഷേപ, വായ്പാ പ്രോഡക്ടുകളെ കുറിച്ചുള്ള ബ്രോഷറുകൾ സന്ദർശകർക്ക് വിതരണം ചെയ്തു ബാങ്കിലെ ജീവനക്കാർ ഒത്തൊരുമയോടുകൂടി മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. ബാങ്കിലെ വിവിധ പ്രോഡക്ടുകളെക്കുറിച്ച് 1000-ലേറെ അന്വേഷണങ്ങൾ സ്റ്റാളിൽ ലഭിച്ചു.

കേരളീയം
Keraleeyam

കേരള ബാങ്കും സഹകരണ സംഘങ്ങളും

Dileep Kumar B
Senior Manager
BPCC Department
Head Office

കേരള ബാങ്കിന്റെ ഇടപാടുകാർ രണ്ട് തലത്തിലുള്ളവരാണ് (1) വ്യക്തികളും സ്ഥാപനങ്ങളും (2) സഹകരണ സംഘങ്ങൾ. കേരള ബാങ്കിൽ നിലവിലുള്ള 3 തരം അംഗത്വങ്ങളിൽ 'A' ക്ലാസ് അംഗങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ ബാങ്കുകളും 'C' ക്ലാസ് അംഗങ്ങൾ ഇതരവിഭാഗം സഹകരണ സംഘങ്ങളുമാണ്. 'B' ക്ലാസ് അംഗത്വം സർക്കാരിനുള്ളതാണ്. സഹകരണ സംഘങ്ങളിൽ 'A' ക്ലാസ് അംഗങ്ങൾ കേരള ബാങ്കിന്റെ പ്രധാന വിഭാഗം ഇടപാടുകാരും ബാങ്കിന്റെ ഓഹരി ഉടമകളും കേരളാ ബാങ്കിന്റെ ഭരണ സമിതി തെരെഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളവരുമാണ്. കേരള ബാങ്കിന്റെ മൂലധന പര്യാപ്തത നിർവഹിക്കുന്നതിന് അതി പ്രധാനമായ കർത്തവ്യം നിർവഹിക്കുന്നവരാണിവർ. ഇത്രയധികം പ്രാധാന്യം നിർവ്വഹിക്കപ്പെടുന്നില്ലെങ്കിലും നിഷേധിക്കാനാവാത്ത പ്രാധാന്യം ഇതര വിഭാഗം സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിലുണ്ട്. മുൻ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടേയും ആവിർഭാവകാലം മുതൽ തന്നെ കേരള സംസ്ഥാനം ഇതിലെ അംഗമാണ്. ഈ കാരണത്താൽ തന്നെ കേരള ബാങ്കിന്റെ ഭരണസമിതി സർക്കാർ പ്രതിനിധികൾ കൂടി ഉൾപ്പെടുന്നതാണ്.

ത്രിതല സംവിധാനത്തിൽ പ്രവർത്തിച്ചിരുന്ന കേരളത്തിന്റെ സഹകരണ മേഖലയിൽ ആദ്യ ഘട്ടങ്ങളിൽ മധ്യതലത്തിൽ പെടുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ പ്രധാന ദൗത്യം സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപം സ്വീകരിക്കലും വായ്പ നൽകലും ആയിരുന്നു. പിൽക്കാലത്താണ് ജില്ലാ സഹകരണ ബാങ്കുകൾ വ്യക്തിഗത വായ്പകൾ നൽകി തുടങ്ങിയത്. 2019ൽ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഒന്നായി കേരള ബാങ്ക് രൂപീകൃതമായി. ത്രിതല സംവിധാനം ദ്വിതലത്തി

ലേയ്ക്ക് മാറുമ്പോൾ മേൽ പറഞ്ഞ ചരിത്രപരമായ കാരണങ്ങളാൽ തന്നെ കേരള ബാങ്കിന്റെ പ്രധാന ഇടപാടുകാർ സഹകരണ സംഘങ്ങൾ തന്നെയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ അവരുടെ അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ അതേ പലിശ നിരക്കിൽ തന്നെ പ്രസ്തുത നിക്ഷേപം കേരള ബാങ്ക് സ്വീകരിച്ചുകൊണ്ട് അവർക്ക് നഷ്ടം വരാതെ സംരക്ഷിക്കുന്നുണ്ടെങ്കിലും സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന വായ്പയുടെ അനുപാതം വ്യക്തിഗത വായ്പകളെ അപേക്ഷിച്ച് കുറഞ്ഞു പോയിട്ടില്ലേയെന്ന് ചിന്തിക്കേണ്ട ഒരു അവസരമാണിത്. സഹകരണ സംഘങ്ങൾ കേരള ബാങ്കിന്റെ പ്രധാന ഇടപാടുകാർ എന്ന നിലയ്ക്ക് കാണുമ്പോൾ വ്യക്തിഗത വായ്പകളെക്കാൾ ഒരു പടികൂടി ഉയർന്ന് നിൽക്കുന്ന വായ്പാ ബാക്കി നിൽപ്പ് സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ഉണ്ടാകേണ്ടതുണ്ട്. കേരള ബാങ്കിന്റെ ആകെ വായ്പാ ബാക്കി നിൽപ്പിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സഹകരണ സംഘങ്ങൾക്ക് വായ്പാ ശതമാനം ആകെ വായ്പാ ബാക്കി നിൽപ്പിന്റെ 25 ശതമാനത്തിനകം മാത്രമാണ്.

പ്രാഥമിക സഹകരണ സംഘങ്ങളാണ് കേരള ബാങ്കിന്റെ അടിത്തറ. അടിത്തറ ദുർബലമായാൽ അതിന് മുകളിൽ കെട്ടിപ്പടുക്കുന്നതെന്തും അസ്ഥിരമാണ്. കേരള ബാങ്കിന്റെ വായ്പാ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി ഉദാര വായ്പാനയം പ്രാവർത്തികമാക്കി നൂതന വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ബാങ്കിന്റെ കൂടി അനിവാര്യതയാണ്. കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും ഭരണ സമിതികൾ കൂട്ടായി ചർച്ച ചെയ്ത് പുരോഗമനപരമായ ആശയങ്ങൾ ആവിഷ്ക്കരിച്ച് മുന്നോട്ട് പോകേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയായി മാറുകയാണ്. ഇന്ത്യൻ ബാങ്കിംഗ് മേഖല കടുത്ത കിടമത്സരവും വെല്ലുവിളികളും നേരിടുന്ന ഒരു കാലഘട്ടം നല്ല ഇടപാടുകാർക്ക് വേണ്ടി ബാങ്കുകൾ പരക്കം പായുന്ന കാഴ്ചകൾ, ബാങ്കിംഗ് മേഖലയിൽ പുതുതലമുറ ബാങ്കുകൾ ഇടപാടുകാരെ വേട്ടയാടി പിടിക്കുന്ന സന്ദർഭത്തിലും കേരള ബാങ്കിന് മാത്രം സ്വന്തമായിട്ടുള്ള ഒരു വലിയ Customer Base ആണ് സഹകരണ സംഘങ്ങൾ. സഹകരണ സംഘങ്ങളിലൂടെ കേരള ബാങ്കിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കാനും അതിലൂടെ കേരള ബാങ്കിന്റെയും സഹകരണ സംഘങ്ങളുടെയും വളർച്ച ഉറപ്പാക്കി അതിന്റെ നല്ല ഫലങ്ങൾ സമൂഹത്തിലെ സാധാരണ ജനങ്ങൾക്ക് രുചിക്കാൻ കഴിയുന്ന ഒരു അവസ്ഥയിലേയ്ക്ക് മാറുന്നതിനും നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു.

മുൻ ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോഴും അതിന് മുൻപ് മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത നിലനിർത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ ഓഹരി മൂലധനം നൽകി സഹായിക്കാൻ പ്രഥമിക സഹകരണ സംഘങ്ങൾ തയ്യാറായി. അക്കാലയളവിൽ ഒട്ടുമിക്ക പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കിൽ നിന്നും വായ്പ ആവശ്യമില്ലാതിരുന്നിട്ടും ബാങ്കിൽ നിന്നും വായ്പയെടുത്ത് ഓഹരി നൽകിയ സംഘങ്ങൾ നിരവധിയാണ്. ഇപ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ഓഹരി മൂലധനം നൽകി സഹായിക്കാൻ തയ്യാറായില്ലായിരുന്നെങ്കിൽ ആയത് ജില്ലാ സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുമായിരുന്നു. അപ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് ഉണ്ടാകാവുന്ന ആഘാതം സംസ്ഥാന സഹകരണ ബാങ്കിന്റെ നിലനിൽപ്പിനെയും ബാധിക്കുമായിരുന്നു. എന്നാൽ ഇന്ന് പ്രാഥമിക സഹകരണ സംഘങ്ങളാണ് പ്രതിസന്ധി നേരിടുന്നത്. ദ്വിതല സംവിധാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തന മാന്ദ്യം കേരള ബാങ്കിനെ തന്നെ നേരിട്ട് ബാധിക്കുന്ന ഒന്നാണ്. നിരവധി പ്രാഥമിക സംഘങ്ങൾക്ക് അവരുടെ ബിസിനസ്സ് പൂർണ്ണമായും നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ സ്വന്തം ഫണ്ട് ഉണ്ടായിരുന്നു. കേരള ബാങ്കിന്റെ വായ്പകളെ അവർ ആശ്രയിച്ചിരുന്നില്ല. പ്രതിസന്ധി ഘട്ടത്തിൽ മുൻ ജില്ലാ സഹകരണ ബാങ്കുകളെ സഹായിക്കുകയും ചെയ്തു. എന്നാൽ നിലവിൽ സ്ഥിതി ഗതികൾ മാറി കേരള ബാങ്കിൽ നിന്നും നാളിതുവരെ ബോറോയിംസ് എടുക്കാത്ത സംഘങ്ങൾ പോലും നിലവിലെ liquidity crises നേരിടുന്നതിനായി കേരള ബാങ്കിന്റെ വായ്പാ സഹായം ആവശ്യപ്പെടുന്നു. സഹകരണ മേഖലയിൽ ഉണ്ടായ പൊതുവായ പ്രതിസന്ധിയാണ് എല്ലാ സംഘങ്ങളെയും ബാധിച്ചിരുന്നത്. ഏതെങ്കിലും വിരലിലെണ്ണാവുന്ന സംഘങ്ങളിൽ ഉണ്ടായിട്ടുള്ള ചില തെറ്റായ പ്രവണതകളും പുഴക്കുത്തുകളും നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന സംഘങ്ങളെയും ബാധിച്ചുവെന്നതാണ് വാസ്തവം. യഥാർത്ഥത്തിൽ ഓരോ സംഘവും ഓരോ entity ആണ്. ഒരു സംഘത്തിന്റെ തകർച്ച ഒരു കാരണവശാലും മറ്റൊരു സംഘത്തിന്റെ കെട്ടുറപ്പിനെ ബാധിക്കുകയില്ല. എന്നാൽ തങ്ങളുടെ പണം നഷ്ടപ്പെട്ട് പോകുമോയെന്ന് ഇടപാടുകാരിൽ ആശങ്ക ജനിക്കുകയും നിക്ഷേപം വൻ തോതിൽ പിൻവലിക്കുന്നതിനുള്ള പ്രവണത സംജാതമാകുന്നതുമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ പോലും വെല്ലുവിളി നേരിടേണ്ടിവരുന്നത്. ഒരു കാലഘട്ടത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ പ്രതിസന്ധി നേരിട്ടപ്പോൾ സഹായ ഹസ്തം നീട്ടിയ പ്രാഥമിക സഹകരണ സംഘങ്ങൾ ഇന്ന് പ്രതിസന്ധി നേരിടുമ്പോൾ അവരെ സഹായിക്കാനുള്ള ബാധ്യത ഏറ്റെടുത്ത് കൊണ്ടാണ് കേരള ബാങ്ക് പ്രവർത്തിക്കുന്നത്. പ്രതിസന്ധി ഘട്ടം മറികടക്കുന്നതിനായി കേരള ബാങ്കിന്റെ വായ്പാ നയത്തിൽ ഇളവുകൾ നൽകി സഹകരണ സംഘങ്ങൾക്ക് വായ്പകൾ അനുവദിച്ച് നൽകുന്നതിനുള്ള തീരുമാനങ്ങൾ ഭരണ സമിതി കൈക്കൊണ്ടുവരുന്നു.

സത്യസന്ധതയാണ് മഹത്തായ മൂലധനം എന്ന വിശ്വാസത്തിൽ അധിഷ്ഠിതമായി ജനാതിപത്യ സ്വഭാവത്തിൽ പ്രവർത്തിക്കുന്നതും സഹകരണ തത്വങ്ങളേയും ശീലങ്ങളേയും നിയമങ്ങളേയും സംബന്ധിച്ച് അറിവുള്ള കക്ഷി രാഷ്ട്രീയത്തിനധീതമായി സാമൂഹിക സാമ്പത്തിക പുരോഗതിയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന ഭരണ സമിതികളാണ് സഹകരണ ബാങ്കുകൾ വിഭാവനം ചെയ്യുന്നത്. അത്തരത്തിലുള്ള ഭരണ സമിതിയാണ് കോട്ടങ്ങളും നേട്ടങ്ങളും തിരിച്ചറിഞ്ഞ് നേട്ടങ്ങളെ കൂട്ടുപിടിച്ചും കോട്ടങ്ങളെ മറികടക്കാനുള്ള ഉപായങ്ങൾ കണ്ടെത്തിയും ഈ പ്രസ്ഥാനത്തിന്റെ ശക്തി ചോർന്ന് പോകാതെ നിലനിർത്താൻ കഴിയുമെന്നുള്ള വിശ്വാസത്തിൽ സഹകരണ സംഘങ്ങളുടെ ഇടപാടുകാർ എത്തിച്ചേരേണ്ടതുണ്ട്. ഒരു സംഘത്തിനുണ്ടാകുന്ന പ്രവർത്തന മാന്ദ്യം മറ്റൊരു സംഘത്തെ ബാധിക്കുകയില്ലായെന്ന് ഓരോ സംഘവും തികച്ചും സ്വതന്ത്രമായ പ്രസ്ഥാനങ്ങളാണെന്ന വിശ്വാസം ഇടപാടുകാരിൽ വളർത്തിയെടുത്ത് അവരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിൽ വിജയിച്ചാൽ മാത്രമെ സംസ്ഥാന മൊട്ടാകെയുള്ള സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. കേരള ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളെയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവരുടെ ഇടപാടുകാരേയും ഇത്തരത്തിൽ വിശ്വാസത്തിലെടുക്കാൻ കഴിയണം. ഇപ്രകാരം ഊട്ടി ഉറപ്പിക്കുന്ന വിജയം മറ്റാർക്കും തട്ടിയെടുക്കാൻ കഴിയില്ലായെന്നതാണ് വസ്തുത. ഈ പ്രസ്ഥാനത്തിന് നേരെ വരുന്ന ഏത് ഭീഷണിയേയും നേരിടാനുള്ള കരുത്ത് നമ്മുക്ക് ഉണ്ടാകും. അതാകട്ടെ നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് ആത്മവിശ്വാസം പകരേണ്ടത്.

കേരള ബാങ്കിന്റെ ബിസിനസ്സ് ശ്രേണിയിൽ നമ്മുക്ക് മാത്രം സ്വന്തമായിട്ടുള്ള ഇടപാടുകാർ എന്ന നിലയിൽ പ്രാഥമിക സഹകരണ സംഘങ്ങളുമായിട്ടുള്ള ബന്ധം ഊഷ്മളമായി ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു പ്രതിജ്ഞ ആകട്ടെ 2024 പുതുവർഷ പുലരിയിൽ ഉണ്ടാകേണ്ടതെന്ന് നമ്മുക്ക് ആശിക്കാം. അതിനായി ആശംസകൾ നേരാം.

"2019ൽ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഒന്നായി കേരള ബാങ്ക് രൂപീകൃതമായി."

ESSENTIALS FOR A GOOD BRANCH MANAGER

Dileep S.S.
Chief Risk Officer (CRO)
Head Office

One often finds certain Branch Managers managing work and managing situations effectively. Most of them actually transact their daily chores seamlessly like a normal family head who executes his home responsibilities with perfection. All of us take different roles, one as a son/daughter, as a parent, as a society head and few of us take roles as Branch Heads. Ultimately Branch Managers are managing situations, managing people, managing infrastructure which encompasses the whole business ecosystem.

A good bank manager wears many hats, balances complex situations and financial responsibilities with exceptional interpersonal skills and timing. Here are some key requisites that make them stand out:

A. Technical Expertise:

- Financial Knowledge: Thorough understanding of banking products, services, regulations, and financial markets.
- Analytical Skills: Ability to analyze financial data, identify trends, and assess risks to make informed decisions.
- Problem-Solving: Skilfully address customer concerns, devise solutions to issues, and navigate complex and critical situations.
- Technological skills: Proficient in utilising banking software and interpreting data and reports generated effectively.

B. Interpersonal Skills:

- Communication: Excellent verbal and written communication skills to connect with customers, build rapport, and deliver information clearly.
- Customer Service: Provide exceptional customer service, demonstrating empathy, patience, and professionalism.
- Leadership: Motivate and guide team members, fostering a positive and productive work environment.
- Negotiation: Negotiate terms with clients and resolve conflicts fairly and effectively.
- C. Personal Qualities:
- Integrity: Uphold high ethical standards, ensuring trust and reliability.
- Decision-Making: Make sound decisions under pressure, considering all angles and potential consequences.
- Time Management: Prioritize tasks efficiently, meet deadlines, and manage multiple responsibilities.
- Stress Management: Maintain composure in high-pressure situations and adapt to changing demands.

D. Plus Factors:

- Experience: Relevant experience in branch banking and management positions is often an added advantage.
- Education: A bachelor's degree in finance, business, or a related field is usually welcome. Additional knowledge gained by subscribing to financial dailies / journals improves the knowledge base.
- Widening the horizon: Perusing the circulars issued by the Bank and keeping a codified version readily available as a ready reckoner, saves valuable time and improve knowledge.
- Adaptability and Flexibility: The banking landscape is constantly evolving, so managers need to be adaptable and able to adjust their approach as needed Continuous Learning: Staying updated on the latest regulations, trends, and technologies is crucial for success in this dynamic field.
- Certifications: Obtaining relevant certifications, possessing additional skills through job learning, clearing JAIIB / CAIIB instituted by the IIBF can be advantageous.

One has to remember that, a good bank manager is a 360 degree individual who excels in both technical and interpersonal aspects. He balances financial acumen with strong communication and leadership skills, ultimately striving to ensure 100% customer satisfaction and 100% success in Branch Business.

The above skill sets provide a solid foundation for success in this important role and hence the Branch Manager of a Bank is the Ambassador of his Institution and the touch point of the Bank to the public. Ultimately the Judge is the Customer, who evaluates the effectiveness of the Branch Manager qualitatively, even though officially, the higher officials calibrates his score qualitatively and quantitatively.

Credit Outreach Programme:
Kerala Bank steals the show

Union Finance Minister Smt. Nirmala Sitaraman disbursed an amount of ₹ 6014.92 crore of loans at the credit out reach program at Mamom, Attingal near Thiruvananthapuram on November 25.11.2023. Kerala State Cooperative Bank (Kerala Bank) was the centre of attraction as the sole loan under Agriculture Infrastructure Fund (AIF) scheme at the programme totalling ₹ 2 crore sanctioned by the Bank was disbursed to the Navaikulam Service Cooperative Society by the Union Minister on the occasion. The proposal of ₹ 2.48 crore is to put in place a custom hiring centre, agriculture nursery, pre- cooling chamber, grading, sorting and packing house; and farmers' learning centre. Chief Executive Officer of the Bank, Sri. P.S. Rajan was present when the Union Minister disbursed the loan.

The photo of the disbursement of loan on the page of the calender brought out by Navaikulam Service Cooperative Society

KNOW ABOUT INFORMATION SECURITY

Shibu Clement
Senior Manager
Information Security
Department
Head Office

What is 'Information' ?

The words, 'Data' and 'Information' are used interchangeably', though technically, there is a subtle distinction between these two. What we input in a computer is referred to as 'data' and computer stores this as data. Our software programmes give us the 'Information' we need as output. Hence data is normally considered to be the raw form of 'information' which requires some processing, some form of presentation to be made to use in a particular manner as desired.

Need for Information Security

With the advancement of technology, Banks have been experiencing increasing complexity of technology. Besides, Banks are also connecting to the Internet, as a cost effective medium for sharing information. This may lead to a significant increase in the threats to Banks information. Surveys on the computer crime held around the world have revealed increase in the incidence of computer crime.

The benefits of speed, global reach and significant savings in the cost of information processing and exchange has led to Banks becoming critically dependent on information systems. Over the years, business has witnessed the following.

A. From transaction processing to decision support to Banks wide information systems.

B. Increase in volume and scale of operations.

C. Increasing vulnerability of Banks information due to newer threats coupled with technological complexity.

D. Problems of change management due to changes in style of management forced by information technology.

E. Management now requires very high quality of processes to deliver information required for decision making due to increasing demands of value delivery from customers.

Unauthorised access to information often occurs due to improperly understood, poor or unorganised security practices. The numerous computer incidents around globe have raised a number of issues involving unauthorised access and exploitation of vulnerabilities. With the passage of time, the cost of protecting information from threats and vulnerabilities has increased significantly. The risk to information systems arise from a threat (depending on its probability of occurrence) affecting the IT Assets leading to an impact. Further ignoring vulnerabilities in existing safeguards or due to the inherent nature of computer systems can also lead a threat to materialize.

Pillars of Information Security

Information is widely considered to have three main attributes. Information security lies fundamentally in ensuring these qualities without compromising any of these. Three such pillars of Information Security are Confidentiality, Integrity and Availability.

Confidentiality : Confidentiality as in normal parlance is the quality of secrecy in information. The term privacy and secrecy are also used to denote confidentiality, there is a technological difference between these two terms on one hand and confidentiality on the other hand. While privacy is considered to be the protection of personal data, the term secrecy is normally used to denote protection of data belonging to the Bank. Confidentiality is the state of keeping an information asset secret and disclosing it to authorised person only.

Integrity : Data should be maintained in the same manner as it was created and should not be accessible in an unauthorised manner for any kind of manipulation. No one should be allowed to tamper with the data or information from the time of its creation and it should remain the same throughout its entire life-cycle. Data integrity is said to exist when the data in the system is the same as in the source and has not been exposed to accidental or deliberate attempt of destruction or alteration.

Availability : Availability means that the information asset is available to the authorised user in an authentic manner when required and not available to any other users at any point of time. For instance, a Bank official advising the account balance in a customer's account at the bank counter is an example of 'availability'. Hence availability can be said to be the property of an information asset of being accessible. Ensuring availability of data has always been a serious concern of information security managers and system administrators in any Bank.

QUIZ TIME

1. Bank shall release all the original movable/immovable property documents and remove charges registered with any registry with a period of ------ after full repayment/ settlement of the loan account

   a.30 days, b.15 days, c.45 days

2. In case of delay in releasing of original movable/ immovable property document or failing to file charge satisfaction from with relevant registry beyond 30 days after full repayment/ settlement of loan, the Bank shall communicate to the borrower reasons for such delay. In case where delay is attributable to the Bank ,it shall compensate the borrower at the rate of

   a. 500 to each day of delay, b.1000 to each day of delay,
   c.100 to each day of delay

3. Credit worthiness score in India ranges between

   a.200 to 900, b.300 to 900, c.350 to 850

4. To which category an urban co operative bank would belong to if it has deposit of Rs 12000 Core

   a.Tier 3, b.Tier 2, c.Tier 4

5. As per the latest RBI Circular What is the limit on individual housing loans Sanctioned by rural co operative banks whose net worth is more than 100 cores to an individual borrower

   a.40 lakhs, b.50 lakhs, c.75 lakhs,

6. The negotiation of an instrument to any person receiving it by paying consideration, before maturity and in good faith is termed as

   a.Holder in due course, b.Holder in good faith, c.Payment in due course

7. Star Series Notes refers to

   a.notes having bigger star, b.current notes with star mark
   c.bank notes used to replace notes with defective printing

8. UDRN in DEA Fund refers to

   a.Unclaimed Deposit Reference Number,
   b.Unique Deposit Reference Number,
   c.Unique DEAF Reference Number

9. Current CRR & SLR rates as required to be adhered by the Banks

   a.4.00% & 18.00%, b.4.50% & 18.50%, c.4.50% & 18.00%

10. Which Scheme was launched by Govt in November 2015, under Gold Monetisation Scheme, wherein the issues are made open for subscription in tranches by RBI in consultation with GOI.

    a.Gold Bond Scheme, b.Sovereign Gold Bond Scheme,
    c.RBI Gold Scheme

11. PIN-Less ATM access is done through

    a. Smart Card b. Password c. Iris d. None of the Above

12. Software that is downloadable off the internet at no cost is

    a. Spyware b. Shareware c. Freeware d. Adware

13. Virtual Private Network (VPN) can provide secure remote access through

    a. Dial-up connections b. Adding a switch at customer place
    c. By encryption d. None of the above

14. A software development team builds a part of the system and give to user, user specifies another part and so on is come under model of

    a. Waterfall b. Prototype c. Spiral d. None of the above

15. A View query in Relational DataBase Management System (RDBMS)

    a. Creates a physical table in the database

    b. Generated from a single table

    c. Is used to reduce creation of more physical tables

    d. View table can be dropped by any user

Answer Key

1. a, 2. a, 3. b, 4. c, 5. c, 6. a, 7. c, 8. a, 9. c, 10. b, ll. c, 12. c, 13. c, 14. b, 15. c

കേരള ബാങ്കിന്റെ 2023 -24 പാദ വാർഷിക സാമ്പത്തിക അവലോകനത്തിൽ

(April 2023 to December 2023) മികച്ച പ്രവർത്തനം നടത്തിയ ശാഖകൾ

പ്രധാനമായും 8 വിഭാഗങ്ങളിലെ പ്രവർത്തന മികവ് വിലയിരുത്തിയാണ് വിജയികളെ തിരഞ്ഞെടുത്തിരിക്കുന്നത്.

- ഡിപ്പോസിറ്റ് വർദ്ധനവ്
- CASA ഡിപ്പോസിറ്റ്
- വ്യക്തിഗത വായ്പാവർദ്ധനവ്
- കാർഷികേതര സ്വർണ്ണപണയ വായ്പ വർദ്ധനവ്
- വ്യക്തിഗത MSME വായ്പാ വർദ്ധനവ്
- K B പ്രൈം മൊബൈൽ ബാങ്കിംഗ് ആപ് വർദ്ധനവ്
- K B പ്രൈം പ്ലസ് മൊബൈൽ ബാങ്കിംഗ് ആപ് വർദ്ധനവ്
- ഏറ്റവും കൂടുതൽ യുപിഐ രജിസ്ട്രേഷൻ ചെയ്ത ശാഖകൾ

ഡിപ്പോസിറ്റ് വർദ്ധനയുടെ അടിസ്ഥാനത്തിൽ (individual + institution) മികച്ച പ്രവർത്തനം നടത്തിയ ശാഖകൾ

Name of Branch	CPC/District	31-03-23	31-12-23	Increase
ഫോർട്ട് മെയിൻ	തിരുവനന്തപുരം	25047.63	26928.36	1880.73
കാലിക്കറ്റ് മെയിൻ	കോഴിക്കോട്	35481.46	36541.55	1060.09
ഊർങ്ങാട്ടിരി	മലപ്പുറം	1,315.54	2356.12	1040.58
ചെറുതോണി	ഇടുക്കി	24473.69	25337.05	863.36
കണ്ണൂർ മെയിൻ	കണ്ണൂർ	50499.08	50995.21	496.13

CASA ഡിപ്പോസിറ്റ് - (individuals + Soc+ institution)

Name of Branch	CPC/District	31-03-23	31-12-23	Increase
മലപ്പുറം	പാലക്കാട് സിപിസി	25803.68	55095.68	29292.00
ഫോർട്ട് മെയിൻ	തിരുവനന്തപുരം	9574.35	10842.73	1268.38
കൊട്ടാരക്കര	കൊല്ലം	2074.54	3095.13	1020.59
ചാമക്കട	കൊല്ലം	86.74	719.72	632.98
തൃപ്പൂണിത്തുറ	എറണാകുളം	2633.12	3235.39	602.27

വ്യക്തിഗത വായ്പാവർദ്ധനവ്

Name of Branch	CPC/District	31-03-23	31-12-23	Increase
കാക്കനാട്	എറണാകുളം	42919.61	44395.08	1475.47
വൈക്കം (Morning & Evening)	കോട്ടയം	3092.67	4190.42	1097.75
വടകര മെയിൻ	കോഴിക്കോട്	5184.85	6217.94	1033.09
ബദിയടുക്ക	കാസർഗോഡ്	2565.66	3558.78	993.12
പൂനൂർ	കോഴിക്കോട്	5388.85	6377.16	988.31

കാർഷികേതര സ്വർണ്ണപണയ വായ്പ വർദ്ധനവ്

Name of Branch	CPC/District	31-03-23	31-12-23	Increase
അർത്തുങ്കൽ	ആലപ്പുഴ	476.44	1172.09	695.65
ദേവികുളങ്ങര	ആലപ്പുഴ	388.60	958.23	569.63
പുത്തനങ്ങാടി	ആലപ്പുഴ	202.97	751.21	548.24
നടക്കാവ് (Evening)	ആലപ്പുഴ	382.84	921.28	538.44
അരൂർ	ആലപ്പുഴ	225.50	666.94	441.44

വ്യക്തിഗത MSME വായ്പാ വർദ്ധനവ്

Name of Branch	CPC/District	31-03-23	31-12-23	Increase
കൂടൽ	പത്തനംതിട്ട	657.21	1538.51	881.30
പുൽപ്പള്ളി	വയനാട്	976.98	1518.51	541.53
ഐക്കരപ്പടി	മലപ്പുറം	16.43	413.95	397.52
കമ്പള	കാസർഗോഡ്	0.00	370.09	370.09
ആലത്തിയൂർ	മലപ്പുറം	11.56	346.68	335.12

ഏറ്റവും കൂടുതൽ KB പ്രൈം മൊബൈൽ ബാങ്കിംഗ് ആപ്പ് ഡൗൺലോഡ് ചെയ്ത ശാഖകൾ

Name of Branch	CPC/District	Number
പരിയാരം മെഡിക്കൽ കോളേജ്	കണ്ണൂർ	1004
കൊയിലാണ്ടി	കോഴിക്കോട്	970
വടകര മെയിൻ	കോഴിക്കോട്	962
പേരാമ്പ്ര	കോഴിക്കോട്	837
നരിക്കുനി	കോഴിക്കോട്	757

ഏറ്റവും കൂടുതൽ KB പ്രൈം പ്ലസ് മൊബൈൽ ബാങ്കിംഗ് ആപ്പ് ഡൗൺലോഡ് ചെയ്ത ശാഖകൾ

Name of Branch	CPC/District	Number
കണ്ണൂർ മെയിൻ	കണ്ണൂർ	33
പാലക്കാട് മെയിൻ	പാലക്കാട് സിപിസി	33
പുൽപ്പള്ളി	വയനാട്	32
മുക്കം	കോഴിക്കോട്	28
നിരണം	പത്തനംതിട്ട	22

ഏറ്റവും കൂടുതൽ യുപിഐ രജിസ്ട്രേഷൻ ചെയ്ത ശാഖകൾ

Name of Branch	CPC/District	Number
വടകര മെയിൻ	കോഴിക്കോട്	2452
കൊല്ലം മെയിൻ	കൊല്ലം	1146
പരിയാരം മെഡിക്കൽ കോളേജ്	കണ്ണൂർ	749
തലപ്പ്	കണ്ണൂർ	512
നരിക്കുനി	കോഴിക്കോട്	391

പി.എം.എഫ്.എം.ഇ സ്കീം വായ്പാ വിതരണം: കേരളാ ബാങ്കിന് അവാർഡ്

പി.എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസ്സിംഗ് എന്റർപ്രൈസസ് പദ്ധതി (പി.എം.എഫ്.എം.ഇ) പ്രകാരമുള്ള വായ്പാ വിതരണത്തിൽ വയനാട് ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിനുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിൻ്റെ അവാർഡ് കേരള ബാങ്ക് വയനാട് ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററിന്. ജില്ലാ വികസന കമ്മറ്റി യോഗത്തോടനുബന്ധിച്ച് നടന്ന പി.എം.എഫ്.എം.ഇ പദ്ധതി ലക്ഷ്യം പൂർത്തീകരണ പ്രഖ്യാപന ചടങ്ങിൽ വയനാട് ജില്ലാ കലക്ടർ ഡോ. രേണു രാജ് ഐ.എ.എസിൽ നിന്നും കേരള ബാങ്ക് വയനാട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ നവനീത് കുമാർ എൻ, എ.ജി.എം ശ്രീമതി ദീപ എം. എസ് എന്നിവർ അവാർഡ് ഏറ്റുവാങ്ങി. പദ്ധതി പ്രകാരം 2023- 24 വർഷം മൈക്രോ ഫുഡ് പ്രോസസിംഗ് സംരംഭങ്ങൾക്കായി ജില്ലയിൽ കൂടുതൽ തുക വിതരണം ചെയ്തത് കേരള ബാങ്ക് വെള്ളമുണ്ട ശാഖയാണ്. സബ് കലക്ടർ ശ്രീ മിസൽ സാഗർ ഭരത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സംഷാദ് മരക്കാർ, കൽപ്പറ്റ നഗരസഭ ചെയർമാൻ ശ്രീ കോയംതൊടി മുജീബ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി ലിസിയമ്മ, പ്ലാനിംഗ് ബോർഡ് അംഗങ്ങൾ, ജനപ്രതിനിധികൾ, ബാങ്കുകളുടെയും വിവിധ വകുപ്പുകളുടെയും ഉന്നത ഓഫീസർമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പൂപ്പൊലിയിൽ നിറസാന്നിധ്യമായി കേരള ബാങ്ക്

വയനാട് അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിൽ നടന്നുവരുന്ന അന്താരാഷ്ട്ര പുഷ്പമേള പൂപ്പൊലിയിൽ ഡിജിറ്റൽ ബാങ്കിംഗ് സ്റ്റാളുമായി കേരള ബാങ്ക്. ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ സംബന്ധിച്ച അറിവ് സാധാരണക്കാരിലേക്കെത്തിക്കുക എന്ന ലക്ഷ്യവുമായി ആരംഭിച്ച സ്റ്റാൾ കേരള ബാങ്ക് ഡയറക്ടർ ശ്രീ.പി ഗഗാറിൻ ഉദ്ഘാടനം ചെയ്തു. കേരള ബാങ്കിന്റെ മൊബൈൽ ബാങ്കിംഗ് സേവനങ്ങളായ കെബി പ്രൈം, കെബി പ്രൈം പ്ലസ് എന്നിവ സംബന്ധിച്ചും കാർഷിക വായ്പകൾ, എം.എസ്.എം.ഇ വായ്പകൾ, പ്രവാസി വായ്പകൾ തുടങ്ങി കേരള ബാങ്ക് നൽകിവരുന്ന വിവിധ ഇനം വായ്പകളെക്കുറിച്ചും ഇടപാടുകാർക്ക് അടുത്തറിയാൻ സ്റ്റാൾ പ്രയോജനമായി. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സൗകര്യവും, ബാങ്കിന്റെ മൊബൈൽ എ.ടി.എം വാഹനവും പൂപ്പൊലി നഗരിയിൽ സേവന സജ്ജമാക്കിയിരുന്നു. കേരള ബാങ്ക് വയനാട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എൻ നവനീത്കുമാർ, ശാഖാ മാനേജർ ശ്രീമതി സിന്ധു എന്നിവർ പങ്കെടുത്തു.

Kerala Bank CEO, Sri.P.S.Rajan addressing the National Consultation with Rural Cooperative Banks on measures to expand Business Growth under Amrit Kaal (2022-2047) organized by NAFSCOB on 29-12-2023 at Mumbai

Kerala Bank CEO, Sri.P.S.Rajan, Executive Director Shri K.C.Sahadevan visiting NABARD chairman Sri.K.V. Shaji. NABARD Kerala CGM, Sri Gopakumaran Nair G also seen

Kerala Bank team that participated in the walkathon organised by NABARD Kerala Region as part of Vigilance awareness week

എഴുപതാമത് അഖിലേന്ത്യ സഹകരണ വാരാഘോഷത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഘോഷയാത്രയിൽ കേരള ബാങ്ക് കണ്ണൂർ റീജിനൽ ഓഫീസ് അവതരിപ്പിച്ച നിശ്ചല ദൃശ്യം. മത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു

കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി എസ് രാജനും എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ സി സഹദേവനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ (ULCCS) കീഴിലുള്ള കോഴിക്കോട് സൈബർ പാർക്ക് സന്ദർശിച്ചു. കേരള ബാങ്കിന്റെ സഹകരണത്തോടെ നിർമ്മാണ മേഖലയിലും ബാങ്കിംഗ് മേഖലയിലും വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന വിവിധോദ്ദേശ പദ്ധതികൾ സംഘം വിശദീകരിച്ചു.

കേരളത്തിലെ കർഷകരുടെ വരുമാന വർദ്ധനവിനും മെച്ചപ്പെട്ട വിപണി സാധ്യതകളുമായി സഹകരണ മേഖലയിൽ പൊതുവായ മാർക്കറ്റിംഗ്, കയറ്റുമതി പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീക രിക്കാനുള്ള മാർഗനിർദേശങ്ങൾ നൽകാനായി രൂപീകരിച്ച താൽക്കാലിക കമ്മിറ്റി കേരള ബാങ്ക് പ്രസിഡൻറ് ശ്രീ. ഗോപി കോട്ട മുറിക്കലിന് റിപ്പോർട്ട് കൈമാറി. സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആൻറണി ഐഎഎസ്, ബാങ്ക് ഡയറക്ടർ, അഡ്വ പുഷ്പാ ദാസ്, കേരള ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ കെ സി സഹദേവൻ, ചീഫ് ജനറൽ മാനേജർ ശ്രീ.എ.ആർ. രാജേഷ്, ജനറൽ മാനേജർമാരായ ശ്രീ ജോളി ജോൺ, ശ്രീ ജിൽസ്മോൻ ജോസ്, താൽക്കാലിക കമ്മിറ്റി പ്രസിഡൻറ് അഡ്വ പ്രതീഷ് പി ഡി, കൺവീനർ ശ്രീ എം പുരുഷോത്തമൻ, ബാങ്ക് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ സമീപം

സഹകരണ കോൺഗ്രസ് ജനുവരി 21നും 22നും

സംസ്ഥാന സഹകരണ യൂണിയനും സഹകരണ വകുപ്പും സംഘടിപ്പിക്കുന്ന ഒമ്പതാമത് സഹകരണ കോൺഗ്രസ് 21, 22 തീയതികളിൽ നടക്കും. നിശാഗന്ധിയിൽ 21ന് രാവിലെ 10ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മന്ത്രി ശ്രീ. വി.എൻ. വാസവൻ അദ്ധ്യക്ഷനാകും. പ്രതിപക്ഷ നേതാവും മന്ത്രിമാരും പങ്കെടുക്കും. പരിപാടിയുടെ ഭാഗമായി അന്തർദേശീയ-ദേശീയ സെമിനാറുകൾ നടക്കുന്നതാണ്. ആദ്യദിനത്തിൽ ലോക സാമ്പത്തിക ക്രമവും ഇന്ത്യൻ സഹകരണ പ്രസ്ഥാനവും എന്ന സെമിനാർ ശ്രീ. എം.വി. ഗോവിന്ദനും 22ന് രാവിലെ നടക്കുന്ന കാർഷിക മേഖലയും സഹകരണ പ്രസ്ഥാനവും സെമിനാർ ശ്രീ. ഇ.പി. ജയരാജനും ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. 2600 ഓളം പ്രതിനിധികൾ സെമിനാറിലും അനുബന്ധപരിപാടികളിലുമായി പങ്കെടുക്കുമെന്നും ശ്രീ. കോലിയക്കോട് പറഞ്ഞു.

വാരപ്പെട്ടി സർവ്വീസ് സഹകരണ സംഘം

എറണാകളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 7-8 -1101 മാം ആണ്ടിൽ പ്രവർത്തനം തുടങ്ങി തലമുറകളുടെ വിശ്വാസ്യത ആർജ്ജിച്ച വാറപ്പട്ടി സർവ്വീസ് സഹകരണ സംഘം ഇന്നും പ്രവർത്തന മികവിൽ മുന്നിൽ തന്നെയാണ്. കാർഷിക അനുബന്ധ മേഖലക്ക് നൽകുന്ന സംഭാവനയോടൊപ്പം സാധാരണക്കാരായ ഗ്രാമീണ ജനതക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഉറപ്പ് നൽകുന്നു. കേരള ബാങ്കിന്റെ സഹായത്തോടെ RTGS, NEFT സൗകര്യങ്ങൾ സംഘത്തിന്റെ ശാഖകൾ വഴി ഉൾഗ്രാമങ്ങളിൽ വരെ എത്തിക്കാൻ കഴിഞ്ഞതും വാരപ്പെട്ടിയിലെ സഹകാരികൾക്ക് അനുഗ്രഹവും അഭിമാനവുമാണ്. മൈലൂർ, ഇഞ്ചൂർ, ഇളങ്ങവം എന്നീ 3 ശാഖകളെ കോർ ബാങ്കിംഗ് വഴി ബന്ധിപ്പിച്ച് സേവനങ്ങൾ വളരെ വേഗം സാധാരണക്കാരിലേക്ക് എത്തിക്കുന്ന മുൻ ജില്ലാ സഹകരണ ബാങ്കുകളുടെ സഹായത്തോടെ സ്ഥാപിച്ച ATM കൗണ്ടർ, ബാങ്കുകൾ ഇല്ലാത്ത മേഖലയിലെ സാധാരണക്കാർക്ക് ഏറെ സഹായമായി മാറിക്കഴിഞ്ഞു.

നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് അനുവദിക്കുന്ന PACS as MSC പദ്ധതി പ്രകാരം 3 കോടി രൂപയാണ് വാരപ്പെട്ടി സർവ്വീസ് സഹകരണ സംഘത്തിന് ലഭിച്ചത്. അനേകം യുവതിയുവാക്കൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന തരത്തിൽ നാളികേര സംസ്കരണം,വെളിച്ചെണ്ണ നിർമ്മാണം, ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം, ചക്ക ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ മൂല്യവർദ്ധിത സംരംഭങ്ങളാണ് വാരപ്പെട്ടി സർവ്വീസ് സഹകരണ സംഘത്തിനുള്ളത്. 2 കോടി രൂപക്ക് AIF പദ്ധതി പ്രകാരമുള്ള പലിശ ഇളവും ലഭിക്കുന്നുണ്ട്. വാരപ്പെട്ടി ഗ്രാമത്തിലെ കമ്യൂണിറ്റി സെന്ററിനോടനുബന്ധിച്ച് തുടങ്ങിയ മെഡിക്കൽ ലാബിൽ പ്രതിദിനം. 250 ടെസ്റ്റുകൾ വരെ ചെയ്യാൻ കഴിയുന്നുണ്ട്. ഒരു ബഹുമുഖ സേവന കേന്ദ്രമെന്ന രീതിയിൽ മെച്ചപ്പെട്ട പ്രവർത്തനമാണ് സംഘം നടത്തിവരുന്നത്.

FINANCIAL INCLUSION INITIATIVES OF NABARD

NABARD supports deepening of financial inclusion to provide individuals and households with greater access to formal credit system and avail credit support for consumption and investment and thereby leading to strong and sustainable livelihood.

1. Financial and Digital Literacy Camps by branches of banks

- NABARD sanctions grant assistance to financial institutions for conduct of financial literacy programmes on various topics such as Mobile Banking, Internet Banking, ATM transactions, Debit card, data security and privacy, safety of e-transactions, Social Security schemes – PMJJBY, PMSBY, and APY, Opening of new accounts – SB, RD, FD etc. for Farmers, School Children, Senior Citizens, SHGs, Entrepreneurs etc. in Rural areas.
- NABARD Support to cooperative banks for each programme is Rs 6000/- for Special Focus Districts and Rs 5000/- for other districts.
- NABARD had sanctioned Rs 47.25 lakh to Kerala Bank for conduct of 1000 camps in Kerala in the FY2022-23.

2. Purchase of Mobile Van

- NABARD provided grant support of Rs 15 lakhs/van to Kerala Bank for demonstration of banking technology through mobile van under Financial Inclusion Fund (FIF) in order to promote digital financial literacy and to sensitize and enable merchants and customers to use digital payment systems.

3. Other Financial Inclusion Schemes:

NABARD also supports cooperative banks for deployment of Micro ATM and POS/ mPOS, On boarding to BHIM UPI, PFMS and Bharat Bill Payment System (BBPS), Solar Power/ UPS installation at bank branches.

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905